(ബി) ഇതിന്റെ റൂട്ട് വ്യക്തമാക്കുമോ; ഈ റോഡിന്റെ ഏതെല്ലാം ഭാഗം ഗതാഗതയോഗ്യമാക്കി;

(സി) ഗതാഗതയോഗ്യമാക്കാൻ ഇനിയും ബാക്കിയുള്ളതെത്ര;

(ഡി) ഇതും ഗതാഗതയോഗ്യമാക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത റോഡ് കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ, വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ, തരിയോട്, വേങ്ങപ്പള്ളി തുടങ്ങിയ പഞ്ചായത്തുകളിൽ കൂടി കടന്നുപോകുന്നു.

(ബി) പ്രസ്തുത റോഡ് കോഴിക്കോട്, വയനാട് ജില്ലകളിലെ പുഴിത്തോട്, കാപ്പിക്കളം, പന്തിപൊയിൽ, വാരംപറ്റ തുടങ്ങിയ സ്ഥലങ്ങളിലൂടെ കടന്നുപോകുന്നു. ഇതിന്റെ 16.70 കി. മീ. വനഭൂമിയാണ്. വനത്തിലൂടെയുള്ള ടി ഭാഗവും വയനാട് ജില്ലയിൽപ്പെട്ട വാരംപറ്റ പാലവും അപ്രോച്ചും ഉൾപ്പെടെ 500 മീ. റോഡും ഒഴികെ ബാക്കി ഭാഗം ഗതാഗതയോഗ്യമാണ്.

(സി) 17.290 കി. മീ.

(ഡി) വനത്തിലൂടെ കടന്നുപോകുന്ന ഭാഗം റോഡ് അഭിവൃദ്ധിപ്പെടുന്നതിനാവശ്യമായ സ്ഥലം വനം വകുപ്പിൽനിന്നും വിട്ടുകിട്ടാനുണ്ട്. പടിഞ്ഞാറത്തറ പുഴിത്തോട് റോഡും വാരംപറ്റപ്പാലത്തിന്റെയും പണികൾക്കായി 960 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾക്കായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരുന്നു.

അത്തോളി —ചേമഞ്ചേരി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കുനീക്കാവ് പാലം

83 [665] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ അത്തോളി-ചേമഞ്ചേരി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കുനീക്കാവ് പാലത്തിന് ആകെ എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ പാലത്തിന്റെ അപ്രോച്ച് റോഡും തിരുവണ്ടൂർ അത്തോളിയുമായി ബന്ധിപ്പിക്കുന്ന റോഡും ഗതാഗതയോഗ്യമല്ലാത്തത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഈ കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 655.52 ലക്ഷം രൂപ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) താൽക്കാലിക അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ട്. റോഡുകൾ പരിഷ്കരിച്ച് പൂർണ്ണമായും ഗതാഗതയോഗ്യമാക്കാനായി 95 ലക്ഷം രൂപ അടങ്കലുള്ള ഉള്ള ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

ബാലുശ്ശേരി-കുറുമ്പൊയിൽ-വയലട-തലയാട് റോഡിന് അംഗീകാരം

84 [666] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ. റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തനം നടത്തിയ ബാലുശ്ശേരി-കുറുമ്പൊയിൽ-വയലട-തലയാട് റോഡിന് അംഗീകാരം കൊടുക്കുമ്പോൾ മൊത്തം എസ്റ്റിമേറ്റ് തുക എത്രയായിരുന്നു എന്ന് വെളിപ്പെടുത്താമോ;

(ബി) ഓരോ റീച്ചിനും ഇതിനകം ചെലവഴിച്ച തുക എത്രയാണ്;

(സി) ഈ റോഡിന് ഇതുവരെയായി മൊത്തം എത്ര തുക ചെലവഴിച്ചുവെന്നും ഇതിനകം എത്ര തുക കൊടുത്തുതീർത്തിട്ടുണ്ടെന്നും എത്ര തുക കൊടുത്തുതീർക്കാനുണ്ടെന്നും വെളിപ്പെടുത്താമോ;

(ഡി) ഈ റോഡിന്റെ വയലട-തലയാട് ഭാഗത്തെ വളവ് നികത്തി വീതി കൂട്ടണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്തു നടപടി കൈക്കൊണ്ടുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 94.90 ലക്ഷം രൂപ.

(ബി) കിലോമീറ്റർ 8/800 മുതൽ 12/00 വരെ 115.98 ലക്ഷം രൂപ. കി. മീ. 12/00 മുതൽ 18/500 വരെ 89 ലക്ഷം രൂപ.

(സി) 204.98 ലക്ഷം രൂപ ഇതുവരെയായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 146.55 ലക്ഷം രൂപ കൊടുത്തുതീർത്തിട്ടുണ്ട്. കൊടുത്തുതീർക്കാനായി 58.43 ലക്ഷം രൂപ ബാക്കിയുണ്ട്.

(ഡി) ഉണ്ട്. 265 ലക്ഷം രൂപ അടങ്കലുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇത് പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly